## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 263 — 08.02.2016-ൽ മറുപടിക്ക്.

## ഇടുക്കി നിയോജക മണ്ഡലത്തിൽ അഗ്നിശമന വകുപ്പും ആഭ്യന്തരവകുപ്പും നടത്തിയ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഗ്നിശമന വകുപ്പും ആഭ്യന്തരവകുപ്പും ഇടുക്കി നിയോജക മണ്ഡലത്തിൽ നാളിതുവരെ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | : (എ) ഇടുക്കി നിയോജക മണ്ഡലത്തിൽ മൂലമറ്റം അഗ്നിരക്ഷാ നിലയം 21.02.2014 -ന് തുറന്ന് പ്രവർത്തനം ആരംഭിച്ചു. കട്ടപ്പന നിലയത്തിന് ഒരു എം.ടി.യു ജീപ്പും മൂലമറ്റം നിലയത്തിന് ഒരു ആംബുലൻസ് ഒരു ജീപ്പ് ഒരു വാട്ടർ ടെണ്ടർ എന്നീ വാഹനങ്ങൾ നൽകിയിട്ടുണ്ട്. കട്ടപ്പന നിലയത്തിന് കെട്ടിടം പണിയുന്നതിന് കട്ടപ്പന വില്ലേജിൽ 20 സെന്റ് സ്ഥലം അനുവദിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എം.ഒ.പി.എഫ് 2011-12 -ൽ ഉൾപ്പെടുത്തി കുളമാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനും എം.ഒ.പി.എഫ് 2013-14 (സെൻട്രൽ ഷെയർ) മുഖേന കാഞ്ഞാർ പോലീസ് സ്റ്റേഷൻ, കഞ്ഞിക്കുഴി പോലീസ് സ്റ്റേഷൻ, മുരുക്കശ്ശേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ വനിതാ വിശ്രമ മുറികൾ നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇടുക്കി ഡിസ്ട്രിക്റ്റ് ഫോറിനേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, കട്ടപ്പനയിൽ കമ്മ്യൂണിറ്റി പോലീസ് റിസോർസ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പതിമൂന്നാമത് ധനകാര്യകമ്മീഷൻ തുക അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇടുക്കി എ.ആർ ക്യാമ്പിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉദ്ഘാടനവും ചെയ്തിട്ടുണ്ട്. |
| (ബി) എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് ഇതിനോടകം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | : (ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഏകദേശം 165 ലക്ഷം രൂപയുടെയും പോലീസ് വകുപ്പ് ഏകദേശം 184 ലക്ഷം രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് ഇടുക്കി നിയോജക മണ്ഡലത്തിൽ ചെയ്തിട്ടുള്ളത്. |

Beena

സെക്ഷൻ ഓഫീസർ